LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത പരാതിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ?

ശ്രീ.എം.വി. സുരേഷ് ബഹു. സഹകരണ വകുപ്പുമന്ത്രിയെ ധരിപ്പിച്ച പരാതിയുടെയും തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ക്ക് 16-1-2019-ന് രേഖാമൂലം നൽകിയ പരാതിയുടെയും അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുകയും സഹകരണ നിയമം 65 പ്രകാരമുള്ള അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

(സി) ഇല്ലെങ്കിൽ തട്ടിപ്പിനെക്കുറിച്ച് 2019-ൽ പരാതി ലഭിച്ചിട്ടും നടപടിയെടുക്കാതിരുന്നതിന്റെ കാരണം വിശദമാക്കാമോ?

ബാധകമല്ല.

കരുവന്നൂർ സഹകരണ ബാങ്കിലെ അഴിമതി

249(5408) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

16-1-2019-ലെ ജോയിന്റ് രജിസ്ട്രാറുടെ റിപ്പോർട്ട് പ്രകാരം കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ അഴിമതി കണ്ടെത്തിയിരുന്നോ; എങ്കിൽ ഈ കാര്യത്തിൽ 2021 ജൂൺ വരെ എന്തൊക്കെ തുടർനടപടി സ്വീകരിച്ചുവെന്നറിയിക്കാമോ?

16-1-2019-ൽ കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ അഴിമതിയുമായി ബന്ധപ്പെട്ട റിപ്പോർട്ടുകളൊന്നും ജോയിന്റ് രജിസ്ട്രാർക്ക് ലഭിച്ചിട്ടില്ല. 16-1-2019-ൽ ജോയിന്റ് രജിസ്ട്രാർക്ക് ലഭിച്ച പരാതിയിന്മേലുള്ള അന്വേഷണത്തിന്റെ ഭാഗമായി ബാങ്കിന്റെ പ്രവർത്തനങ്ങളിൽ ക്രമക്കേടുകളുള്ളതായി കണ്ടെത്തുകയും സഹകരണ നിയമം പ്രകാരമുള്ള അന്വേഷണം ശിപാർശ ചെയ്യുകയും 30-7-2019-ന് റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. 31-8-2019-ൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം ഉത്തരവായിട്ടുള്ളതും 22-12-2020-ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. റിപ്പോർട്ടിൽ ഹിയറിംഗ് ഉൾപ്പെടെയുള്ള നിയമാനുസൃത തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതും 22-7-2021-ന് ബാങ്ക് ഭരണസമിതിയെ സഹകരണ നിയമം വകുപ്പ് 32 പ്രകാരം നീക്കം ചെയ്തിട്ടുള്ളതുമാണ്. സർചാർജ്ജ് നടപടികളുടെ ഭാഗമായി സഹകരണ നിയമം വകുപ്പ് 68 (1) പ്രകാരം അന്വേഷണം 6-7-2021-ന് ഉത്തരവായിട്ടുണ്ട്.